# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5409** — **31/10/2016-ൽ മറുപടിക്ക്**

### നിരോധിച്ച മരുന്നിന്റെ ഉൽപ്പാദനവും വിൽപ്പനയും തടയുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) കോഴിക്കും മത്സ്യത്തിനുമുള്ള പോഷകാഹാരം എന്നപേരിൽ മാരകമായ ആന്റിബയോട്ടിക്കുകൾ അടങ്ങിയ സെപ്രോസ്പിൻ എന്ന മരുന്ന് സംസ്ഥാനത്ത് വ്യാപകമായി വിറ്റുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) കേന്ദ്രസർക്കാർ നേരത്തെ നിരോധിച്ച ഈ മരുന്ന് ലൈസൻസ് പോലുമില്ലാതെയാണ് ഇപ്പോൾ നിർമ്മിക്കുന്നതെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; | എ) യും ബി) യും | ഉണ്ട്.<br>Coastal Aquaculture Authority, Ministry of Agriculture, Government of India, Aqua Culture-ന്റെ ഉപയോഗത്തിനായി ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ അടങ്ങിയിട്ടുള്ള സെപ്രോസ്പിൻ എന്ന മരുന്ന് യാതൊരുവിധ ഡ്രഗ് ലൈസൻസും കൂടാതെ വെറ്റിനറി ഉപയോഗത്തിനുള്ള ഫുഡ് സപ്ലിമെന്റായി ബാംഗ്ലൂരിൽ പ്രവർത്തിക്കുന്ന കമ്പനി നിർമ്മിച്ച് വിതരണം ചെയ്യുന്നത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ടി ഉത്പന്നം ഫുഡ് സപ്ലിമെന്റായി വൻതോതിൽ ശേഖരിച്ച് വിതരണം ചെയ്യുന്നതിന് തിരുവനന്തപുരം ആസ്ഥാനമായുള്ള ഒരു ഏജൻസിയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും തുടർനടപടികൾക്കായി പ്രസ്തുത സ്റ്റോക്കും അനുബന്ധരേഖകളും ബഹു.ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. |
| സി) ഇത്തരം മരുന്നുകൾ നൽകിയ കോഴിയുടെ ഇറച്ചിയും കൊഞ്ച് അടക്കമുള്ളമീനും കഴിക്കുന്നത് മനുഷ്യരിൽ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ഡി) എങ്കിൽ മരുന്നിന്റെ ഉൽപ്പാദനവും വിൽപ്പനയും തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | സി) യും ഡി) യും | ഉണ്ട്.<br>ഇത്തരത്തിൽ നിരോധിച്ചിട്ടുള്ള ഉല്പന്നങ്ങൾ സംസ്ഥാനത്ത് നിർമ്മിക്കുന്നില്ല. എന്നിരുന്നാലും അന്യസംസ്ഥാനങ്ങളിൽ നിർമ്മിച്ച് ഇവിടെ വിതരണം ചെയ്യുന്ന ഇത്തരം നിരോധിത ഉത്പന്നങ്ങളുടെ വിതരണം തടയുന്നതിലേയ്ക്കായി ഇതു സംബന്ധിച്ച അന്വേഷണം സംസ്ഥാനത്തുടനീളം വ്യാപകമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ